കഴിഞ്ഞ ബഡ്ജറ്റുകളിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

252 (1336) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്ഥാനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെ;

(ബി) ഈ പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; ഈ പദ്ധതികളുടെ നടത്തിപ്പിനായി ബജറ്റിൽ നിന്നും നിൻവഹിക്കപ്പെട്ട തുകയെത്ര;

(സി) ഈ അഞ്ച് ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടിട്ടും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.

വിലവിവര പട്ടികയുടെ പ്രദർശനം

253 (1337) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്ഥാനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിരിക്കണമെന്ന വ്യവസ്ഥ നിലവിൽ ഉണ്ടോ ; ഇത് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) വിലവിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ എത്ര ; നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ;

(സി) ഒരേ സാധനത്തിന് വ്യത്യസ്ത നിരക്കിൽ വില ഈടാക്കി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കാനുള്ള സംവിധാനം ഉൾപ്പെടെ പ്രവർത്തിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ ?

* ചോദ്യമറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്കും മറ്റ് അവശ്യ സാധനങ്ങൾക്കും അമിത വില ഈടാക്കുന്നത് തടയുന്നതിനായി വില വിവര പട്ടിക പ്രദർശിപ്പിക്കുന്നതിന് കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ആൻഡ് കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ എന്നിവ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു.

(ബി) ജില്ലാ സപ്ലൈ ഓഫീസർമാർ നടത്തിയ പരിശോധനയിൽ 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾ വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്നതാണ്. നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമല്ല. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ലെ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ നിയമ പ്രകാരം പിഴ ചുമത്താറുണ്ട്. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്ന 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്.

(സി) ഒരേ സാധനത്തിന് ഗുണമേന്മയിലുള്ള വ്യത്യാസം പ്രകാരം വ്യത്യസ്ത നിരക്കിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അളവിലും ഇക്കാര്യത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് സംവിധാനം നിലവിലുണ്ട്.

സിവിൽ സപ്ലൈസിന്റെ വില്പന കേന്ദ്രങ്ങൾ

254 (1338) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവർത്തനരഹിതമായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly